–

# അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ന്റെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : ഡോ. പ്രമോദ് ജി. കൃഷ്ണൻ IFS**

വിഷയം: കേരള വനം വകുപ്പ് – ജീവനക്കാര്യം – സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാർക്ക് ഫെയർകോപ്പി സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകുന്നത് – സംബന്ധിച്ച്.

സൂചന :
1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ടെ 16-04-2025 തീയതിയിലെ ഇ2-7784/2024 (2) നമ്പർ (01-10-2024 തീയതി പ്രാബല്യത്തിലുള്ള സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ്) ഉത്തരവ്.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 03-06-2025 തീയതിയിലെ ഇ2-2335/25 നമ്പർ ഉത്തരവ്.
3. സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീ. കാതിര്യ വീട്ടിൽ ശശികുമാറിന്റെ അപേക്ഷ.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ടെ 23-04-2025 തീയതിയിലെ ഇ2-3304/2025 നമ്പർ ഉത്തരവ്.
5. ഫെയർകോപ്പി സൂപ്രണ്ട് ശ്രീമതി കെ. വി. സുമംഗല (PEN : 161061) യുടെ 23-05-2026 തീയതിയിലെ അപേക്ഷ.

## ഉത്തരവ് നമ്പർ ഇ2-2335/2025 തീയതി : 12-06-2026.

വനം വകുപ്പ് ആസ്ഥാനത്തെ ഫെയർകോപ്പി സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സതി ഡി., കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ ഫെയർകോപ്പി സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ലിജിമോൾ ആന്റണി, കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ ഫെയർകോപ്പി സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സുജന്ത പി. എസ്. എന്നിവർ 31-05-2026-ന് സേവനത്തിൽ വിരമിച്ചതിനെത്തുടർന്ന് ഫെയർകോപ്പി സൂപ്രണ്ടുമാരുടെ 3 ഒഴിവുകൾ നിലവിലുണ്ട്. സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ച സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ (4) ശ്രീമതി ലിജിമോൾ ആന്റണി വരെയുള്ളവർക്ക് ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

നിലവിൽ ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കേണ്ടിയിരുന്ന സൂചന (1) സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ (1) ആയ ശ്രീ. കാതിര്യ വീട്ടിൽ ശശികുമാർ ടിയാന് ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം താൽക്കാലികമായി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സൂചന (3) പ്രകാരം അപേക്ഷ സമർപ്പിക്കുകയും, ടിയാന്റെ അപേക്ഷ പരിഗണിച്ച് ടിയാന് ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം 16-01-2025 തീയതി മുതൽ ഒരു വർഷത്തേക്ക് താൽക്കാലികമായി തടഞ്ഞുവയ്ക്കുന്നതിന് അനുമതി നൽകി സൂചന (4) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ, സൂചന (1) സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ (1), (5), (6) സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരായ ശ്രീ. കാതിര്യ വീട്ടിൽ ശശികുമാർ (PEN : 161988), ശ്രീമതി ബി. വിനീത (PEN : 163075), ശ്രീ. ജയപ്രകാശ് എ. കെ. (PEN : 161706) എന്നിവർക്ക് മേൽപ്പറഞ്ഞ ഒഴിവിലേയ്ക്ക് ഫെയർകോപ്പി സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുണ്ട്.

വനം വകുപ്പ് ആസ്ഥാനത്തെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ഓഫീസിൽ നിലവിൽ ഫെയർകോപ്പി സൂപ്രണ്ടായി ജോലി നോക്കുന്ന ശ്രീമതി സുമഗല കെ. വി. 31-05-2026-ന് കണ്ണൂർ നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലുണ്ടാകുന്ന ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് സൂചന (5) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, സൂചന (1) സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ (1), (5), (6) ആയ ശ്രീ. കാതിര്യ വീട്ടിൽ ശശികുമാർ, ശ്രീമതി ബി. വിനീത, ശ്രീ. ജയപ്രകാശ് എ. കെ. എന്നിവർക്ക് ഫെയർകോപ്പി സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ടും, ശ്രീമതി സുമംഗല കെ. വി. യുടെ അപേക്ഷ പരിഗണിച്ച് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും ചുവടെപ്പറയും പ്രകാരം ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, പെൻ, തസ്തിക നിലവിൽ ജോലി നോക്കുന്ന ഓഫീസ് | സ്ഥലംമാറ്റം/ സ്ഥാനക്കയറ്റം | സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|
| 1. | **സുമംഗല കെ. വി.**<br>(PEN : 161061)<br>ഫെയർകോപ്പി സൂപ്രണ്ട്<br>O/o അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) | സ്ഥലംമാറ്റം (അപേക്ഷ പ്രകാരം) | O/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നോർത്തേൺ സർക്കിൾ കണ്ണൂർ<br>(ശ്രീമതി സുജന്ത പി. എസ്. ഫെയർകോപ്പി സൂപ്രണ്ട് വിരമിച്ച ഒഴിവിൽ) |
| 2. | **കാതിര്യ വീട്ടിൽ ശശികുമാർ**<br>(PEN : 161988)<br>സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്<br>O/o ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, സൗത്ത് വയനാട്, കല്പറ്റ | സ്ഥാനക്കയറ്റം | O/o അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) (ശ്രീമതി സുമംഗല കെ. വി.. ഫെയർകോപ്പി സൂപ്രണ്ടിന് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ) |
| 3. | **വിനീത ബി.**<br>(PEN : 163075)<br>സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്<br>O/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഹൈറേഞ്ച് സർക്കിൾ | സ്ഥാനക്കയറ്റം | O/o ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ, കൊല്ലം)<br>(ശ്രീമതി ലിജിമോൾ ആന്റണി ഫെയർകോപ്പി സൂപ്രണ്ട് വിരമിച്ച ഒഴിവിൽ) |

| | | | |
|---|---|---|---|
| | കോട്ടയം | | |
| 4. | **ജയപ്രകാശ് എ. കെ.**<br>(PEN : 161706)<br>സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്<br>O/o ഡയറക്ടർ, SFTI, വാളയാർ | സ്ഥാനക്കയറ്റം | O/o അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) ഓഫീസ് (ശ്രീമതി സതി ഡി. ഫെയർകോപ്പി സൂപ്രണ്ട് വിരമിച്ച ഒഴിവിൽ) |

Digitally signed by
PRAMOD G KRISHNAN
Date: 12-06-2026
11:31:48

**അഡീഷണൽ പ്രിൻസിപ്പൽ**
**ചീഫ്ഫോറസ്റ്റ്കൺസർവേറ്റർ (ഭരണം)**

To

**വ്യക്തികൾക്ക് മേലധികാരി മുഖേന നൽകുന്നു.**

ക്രമനമ്പർ (1)ന്റെ സ്ഥലംമാറ്റം അപേക്ഷ പ്രകാരമായതിനാൽ ചേരും കാലത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ചട്ടപ്രകാരമുള്ള യാത്രപ്പടിക്ക് അർഹതയുണ്ടാ യിരിക്കും.

പകർപ്പ് :
1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ് ബഡ്ജറ്റ് & **ഓഡിറ്റ്**) നൽകുന്നു.
3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകുന്നു.
4. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും.
5. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം/ ഹൈറേഞ്ച് സർക്കിൾ, കോട്ടയം/ സെൻട്രൽ സർക്കിൾ, തൃശ്ശൂർ/ ഈസ്റ്റേൺ സർക്കിൾ, പാലക്കാട്/ നോർത്തേൺ സർക്കിൾ, കണ്ണൂർ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം/പാലക്കാട് എന്നിവർക്ക് നൽകുന്നു.
7. ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി), കൊല്ലം/ എറണാകുളം/ കോഴിക്കാട്. ഫോറസ്റ്റ് കൺസർവേറ്റർ (HRD)/ **അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്**/ ഫോറസ്റ്റ് കൺസർവേറ്റർ (I&E), **കോട്ടയം**/ **കോഴിക്കോട്.**
7. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ/ വൈൽഡ് ലൈഫ് വാർഡൻമാർ/ ഡെപ്യൂട്ടി ഡയറക്ടർ പെരിയാർ ഈസ്റ്റ്/ പെരിയാർ വെസ്റ്റ്/ പറമ്പിക്കുളം എന്നിവർക്ക് നൽകുന്നു.
8. ഡയറക്ടർ, സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അരിപ്പ/ വാളയാർ.
9. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.റ്റി.)യ്ക്ക് വനം വകുപ്പിലെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി നൽകുന്നു.
10. ഫയൽ/ സ്റ്റോക്ക് ഫയൽ